# KEEC (INTUC)

# വനിതാവേദി

# സംസ്ഥാന കൺവെൻഷൻ

## 2015 ഫെബ്രുവരി 12 വ്യാഴം രാവിലെ 10 മണി

പ്രിയകൂട്ടുകാരി,

സ്ത്രീ ശാക്തീകരണത്തിനും സുരക്ഷിതത്വത്തിനും വേണ്ടി ഈ രാജ്യത്തിന്റെ നാനാതുറകളിൽ നിന്നും മുറവിളി ഉയർന്ന സാഹചര്യത്തിലാണ് നമ്മുടെ വ്യവസായത്തിലും സ്ത്രീ കൂട്ടായ്മയായ വനിതാവേദി, 2013 ജനുവരി 23ന് നമ്മുടെ പ്രിയനേതാവായിരുന്ന എം. എസ് റാവുത്തർ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷനിലൂടെ സാക്ഷാത്കരിച്ചത്. കേരള രാഷ്ട്രീയത്തിലെ കരുത്തുറ്റ സ്ത്രീപക്ഷ-ജനപക്ഷനേതാവ് ലതികാസുഭാഷ് അതിന്റെ സാരഥ്യം ഏറ്റെടുത്ത് കക്ഷി രാഷ്ട്രീയത്തിനതീതമായി നിരവധി സ്ത്രീ വിഷയങ്ങളിൽ സന്ദർഭോചിത ഇടപെടൽ നടത്തി സംസ്ഥാനത്താകമാനം സാന്നിദ്ധ്യം അറിയിച്ചു.

കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി സാദ്ധ്യമാകാത്ത വനിതകളുടെ നിരന്തര ആവശ്യമായ വിശ്രമമുറിയും ക്രഷും കോർപ്പറേറ്റ് ഓഫീസിൽ നടപ്പിൽ വരുത്തിയതിൽ വനിതാവേദിയുടെ പങ്ക് ആർക്കും നിഷേധിക്കുവാനാകുന്നതല്ലല്ലോ? സംസ്ഥാനത്താകമാനമുള്ള എല്ലാ വൈദ്യുതി ഓഫീസുകളിലും സ്ത്രീജീവനക്കാർക്ക് ആവശ്യമായ വിശ്രമമുറി ഉൾപ്പെടെ അവശ്യസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ അനിവാര്യത ബോർഡ് തലത്തിൽ ഞങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തൊഴിൽമേഖലയിലെ സ്ത്രീകളുടെ സുരക്ഷിതത്വത്തെക്കുറിച്ച് നടന്ന സെമിനാറിൽ അഡി.ഡി.ജി.പി ഡോ.ബി സന്ധ്യ ഐ.പി.എസ് നടത്തിയ പ്രഭാഷണം വനിതകൾക്കിടയിൽ ഗഹനമായ ചർച്ചകൾക്ക് വഴിത്തിരിവായി എന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

ഇന്ത്യയിലെ തൊഴിൽമേഖലയിൽ സ്ഫോടനാത്മകമായ നിയമങ്ങളും പരിഷ്ക്കാരങ്ങളും ഏർപ്പെടുത്തുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. അവ നടപ്പിൽ വരുമ്പോൾ സ്ത്രീകൾ രാത്രികാലങ്ങളിൽ നിർബന്ധമായും പണിസ്ഥലങ്ങളിൽ പണിയെടുക്കേണ്ട അവസ്ഥ സംജാതമാകും. ഇത് സ്തീകളുടെ സുരക്ഷയെ ബാധിക്കുമെന്നതിൽ യാതൊരു തർക്കവുമില്ല. ഈ സാഹചര്യത്തിലാണ് വനിതാവേദിയുടെ സംസ്ഥാന കൺവെൻഷൻ 2015 ഫെബ്രുവരി 12 വ്യാഴാഴ്ച രാവിലെ 10 മണിക്ക് എം.എസ് റാവുത്തർ നഗറിൽ (വൈ.എം.സി.എ ഹാൾ, തിരുവനന്തപുരം) കൂടാൻ തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത കൺവെൻഷൻ ബഹു. ഊർജ്ജവകുപ്പുമന്ത്രി **ശ്രീ. ആര്യാടൻമുഹമ്മദ്** ഉദ്ഘാടനം ചെയ്യുന്നതാണ്. തദവസരത്തിൽ വനിതകളുടെ സുരക്ഷിതത്വത്തിനു വേണ്ടി പാർലമെന്റ് പാസ്സാക്കിയ "Sexual harassment against women at workplace, Prohibition, Prevention and Redressal act 2013" എന്ന വിഷയത്തെ ആസ്പദമാക്കി **ഡോ. ജാൻസി ജെയിംസ്** (മുൻ വൈസ് ചാൻസലർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി & സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള) പ്രഭാഷണം നടത്തുന്നതാണ്.

ഈ വ്യവസായത്തിലെ വനിതാജീവനക്കാരിയായ താങ്കളേയും ഈ കൺവെൻഷന്റെ ആവശ്യകത ബോധ്യപ്പെട്ട്, കക്ഷി രാഷ്ട്രീയത്തിനതീതമായി പങ്കെടുത്ത് വൻ വിജയമാക്കുവാൻ ക്ഷണിച്ചുകൊള്ളുന്നു.

**ലതികാ സുഭാഷ്** | **എസ്.എൻ നുസുറ**

**കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC)**

**കെ.പി ധനപാലൻ - സിബിക്കുട്ടി ഫ്രാൻസിസ് സിന്ദാബാദ്**